വ്യക്തികൾക്കു സാധാരണഗതിയിൽ ഫണ്ടിൽനിന്നു ലോണോ ഗ്രാന്റോ കൊടുക്കുന്നതല്ല. പക്ഷെ യുദ്ധാസേവനംകൊണ്ടു് ശേഷിക്കുവു സംഭവിച്ചിട്ടുള്ള വ്യക്തികൾക്കു് ഏതെങ്കിലും തൊഴിൽചെയ്തു ഉപജീവനം കഴിക്കുന്നതിനുവേണ്ടിയുള്ള സാധനസാമഗ്രികൾ വാങ്ങികൊടുക്കാവുന്നതാണു്. എക്സ് സർവീസുകാരായ വ്യക്തികൾക്കു് സഹകരണാടിസ്ഥാനത്തിൽ (Thrift and Credit Society) അഞ്ഞൂറു (500) രൂപയിൽ കൂടുതലല്ലാത്ത ലോൺ കൊടുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

എക്സ് സർവീസ് സ്ത്രീകൾക്കുവേണ്ടിയുള്ള ഫണ്ടു്.

* 861. [2] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമൻസ് വെൽഫയർ ഫണ്ടു് എന്ന പേരിൽ എക്സ് സർവീസ് സ്ത്രീകൾക്കുവേണ്ടി പ്രത്യേകമൊരു ഫണ്ടു് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആകെ എന്തു തുകയുണ്ടായിരുന്നു ; നീക്കിയിരിപ്പു് എത്ര ;

(സി) തിരുവിതാംകൂർ–കൊച്ചിയിൽ എക്സ് സർവീസ്കാരായ സ്ത്രീകളെത്ര ; ഇവരിൽ എത്രപേർക്കു ഈ ഫണ്ടിൽനിന്നു ആനുകൂല്യം ലഭിച്ചിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ടു്.

(ബി) ആകെ തുക 9,500 രൂപ; നീക്കിയിരിപ്പു് 1455 രൂ. 5 ണ.

(സി) തിരുവിതാംകൂർ–കൊച്ചിയിലെ എക്സ് സർവീസുകാരായ സ്ത്രീകളുടെ എണ്ണം എടുത്തിട്ടില്ല. ആകെ 42 പേർക്കു ഈ ഫണ്ടിൽനിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടു്.

കൊലക്കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള പരാതികൾ.

* 862. [6] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ മേൽ കൊലക്കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ള എത്ര പരാതികൾ നിലവിലുണ്ടു് ;

(ബി) തിരുവനന്തപുരം സ്വദേശിയും ഒരു പാൽകാരവക്കാരനുമായിരുന്ന വി. ശ്രീധരൻപിള്ള കന്റോൺമെന്റു് പോലീസ് സബ്ബ് ഇൻസ്പെക്ടർ ആയിരുന്ന മി. കരുണാകരക്കുറുപ്പിന്റെയും മറ്റും മർദ്ദനംമൂലം ആശുപത്രിയിൽ ചികിത്സയിലിരുന്നുകൊണ്ടു് ഒരു പരാതി സമർപ്പിച്ചിട്ടില്ലേ ;

(സി) അന്വേഷണമധ്യേ വി. ശ്രീധരൻപിള്ള മരണമടഞ്ഞിട്ടുണ്ടോ ;

(ഡി) തുടർന്നുള്ള നടപടികൾ ഏതു സ്ഥിതിയിൽ ഇരിക്കുന്നു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ) :

(എ) മൂന്നു്.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) അന്വേഷണം ഇടയ്ക്ക് നടത്തിവരുന്നു. പൂർത്തിയായിട്ടില്ല.

പൊതുതിരഞ്ഞെടുപ്പ്.

* 863. [8] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത പൊതുതിരഞ്ഞെടുപ്പ് എപ്പോൾ നടത്തണമെന്നതു സംബന്ധിച്ച് ഇലക്ഷൻ കമ്മിഷനോ, കേന്ദ്രഗവണ്മെന്റോ സംസ്ഥാനഗവണ്മെന്റിനോട് എന്തെങ്കിലും അഭിപ്രായം ചോദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനഗവണ്മെന്റ് അതിനു് എന്തു മറുപടി നൽകുകയുണ്ടായി ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബി. സി. ജി. കുത്തിവയ്പ്.

* 864. [14] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ബി. സി. ജി. കുത്തിവയ്പ് നടത്തിയിട്ടുള്ളവരുടെ മൊത്തം സംഖ്യ എത്ര ;

(ബി) ഈ കുത്തിവയ്പിനെപ്പറ്റിയുള്ള അനന്തരഫലങ്ങളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഈ കുത്തിവയ്പ് ആരോഗ്യത്തിനു് ഹാനികരമാണെന്നുള്ള അഭിപ്രായം ഉണ്ടായിട്ടുള്ളതിനെപ്പറ്റി വിശേഷവിധിയായി മന്ത്രിക്ക് എന്തു പറയാനുണ്ട് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 1955 ജൂലൈ അവസാനംവരെ 12,24,316.

(ബി) ഉണ്ട്. കേന്ദ്രഗവണ്മെന്റിന്റെയും, ഐക്യരാഷ്ട്രശിശുസംരക്ഷ നിധി (UNICEF) യുടെയും സംയുക്താഭിമുഖ്യത്തിൽ ബി. സി. ജി. കുത്തിവയ്പ് നടത്തിക്കഴിഞ്ഞിരുന്ന പ്രദേശങ്ങളിലെ ചില സ്ഥാപനങ്ങളിൽ വീണ്ടുംവിദഗ്ദ്ധന്മാർ പരിശോധനകൾ മുന്നു ഘട്ടങ്ങളിൽ നടത്തിയിട്ടുണ്ട്.

(സി) ഈ കുത്തിവയ്പ് ഹാനികരമല്ലെന്നുള്ളതാണ് വിദഗ്ദ്ധാഭിപ്രായം.

ഭൂമിയുടെ പരിധിനിർണ്ണയം.

* 865. [15] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ പരിധി നിർണ്ണയിക്കുന്ന കാര്യത്തിൽ കാൺഗ്രസ്സിന്റെ പാളിസി എന്തു് ; പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശമനു

LIBRARY ARCHIVES Kerala Legislative Assembly